# ഉള്ളടക്കം


1. സ്കൂൾ പ്രൊഫൈൽ
2. ആമുഖം
3. വിദ്യാലയത്തിന്റെ ലഘു ചരിത്രം
4. പരിമിതികൾ
5. പൊതു ലക്ഷ്യങ്ങൾ
6. അവസ്ഥ വിശകലനം
7. മൂല്യ നിർണ്ണയ വിശകലനം
8. അക്കാദമിക മികവിനായി നടപ്പിലാക്കുന്ന പദ്ധതികൾ
9. പ്രവർത്തന വിശദാംശങ്ങൾ
10. ഉപസംഹാരം


VATAYAM SOUTH LP SCHOOL

# PROFILE

| | |
|---|---|
| Name of School | : Vatayam South L.P School |
| Name of Revenue Village/Ward | : Kuttiady |
| Name of Panchayath | : Kuttiady |
| Name of Cluster | : C R C Kuttiady |
| Name of Block Panchayath | : Kunnummal |
| Name of District | : Kozhikode |
| Name of HM | : Indira M |
| Phone No | :9495308063 |
| School Code | : 16444 |
| UDISE Code | : 32040700603 |
| Education District | : Vatakara |
| Name of Manager | : V.Kunhikelu Nambiar |
| Place of School | : Vatayam |
| Year of establishment | : 1930 |

VATAYAM SOUTH L.P SCHOOL

# ആമുഖം

ഇന്നത്തെ കുറ്റ്യാടി ഗ്രാമപഞ്ചായത്ത് പണ്ടത്തെ കുറുമ്പ്രനാട് താലൂക്കിന്റെ ഭാഗമായിരുന്ന കാലത്ത് കുറ്റ്യാടി പ്രദേശത്തിന്റെ സാംസ്കാരികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ പൈതൃകം നിർണ്ണയിക്കുന്നതിൽ വടയം പ്രദേശം അതിന്റെ പങ്ക് വഹിച്ചിട്ടുണ്ട് . 1930 – കളിലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. അതിന് മുൻകൈയ്യെടുത്ത് പ്രവർത്തിച്ചത് പുരോഗമനവാദിയും വിദ്യാഭ്യാസ തൽപരനുമായിരുന്ന ശ്രീ വിലങ്ങിൽ നാരായണൻ നമ്പ്യാർ എന്ന മനുഷ്യ സ്നേഹിയാണ്. തുടക്കത്തിൽ അഞ്ചാം തരം വരെ പ്രവർത്തിച്ചിരുന്ന വിദ്യാലയമായിരുന്നു ഇത്. വിദ്യാഭ്യാസ പരിഷ്കാരത്തിന്റെ തുടർച്ചയാവാം 1962ൽ ഈ വിദ്യാലയത്തിന് അഞ്ചാം തരം നഷ്ടപ്പെട്ടു. 1965 മുതൽ ഈ വിദ്യാലയം കുന്നുമ്മൽ എ.ഇ.ഒ വിന്റെ കീഴിലാണ് പ്രവർത്തിച്ചു വരുന്നത്.

തുടക്കത്തിൽ ഓരോ ഡിവിഷൻ മാത്രമുണ്ടായിരുന്ന ഈ വിദ്യാലയം 1970 കാലഘട്ടം മുതൽ എല്ലാ ക്ലാസ്സുകൾക്കും ഡിവിഷനുണ്ടാവുകയും ഏതാണ്ട് 9 അധ്യാപകർ സർവ്വീസിലുണ്ടാവുകയും ചെയ്തു. പിന്നീട് ഇംഗ്ലീഷ് വിദ്യാഭ്യാസം എന്ന പൊങ്ങച്ചത്തോട് പ്രതിപത്തി കാണിച്ചു തുടങ്ങിയപ്പോൾ പൊതു വിദ്യാഭ്യാസം നേരിട്ട ക്ഷീണം സ്വാഭാവികമായും ഈ വിദ്യാലയത്തെയും ബാധിച്ചിട്ടുണ്ട്. എങ്കിലും പി.ടി.എയുടെയും നാട്ടുകാരുടെയും പൂർണ്ണ സഹകരണത്തോടെ അധ്യാപകർ രക്ഷിതാക്കൾ , മാനേജർ എന്നിവർ ഒത്തുചേർന്ന് സ്കൂളിന്റെ സമഗ്ര വികസനത്തിന് വേണ്ടിയുള്ള യജ്ഞത്തിലാണ് . വർത്തമാന കാലത്ത് ഈ സ്ഥാപനത്തിന്റെ അവസ്ഥ വച്ചു നോക്കുമ്പോൾ കുന്നുമ്മൽ സബ്ബ് ജില്ലയിലെ ഏറ്റവും കൂടുതൽ ഭൗതീക സാഹചര്യം മെച്ചപ്പെട്ടൊരു വിദ്യാലയമാണിത്. 10 മുറികളോട് കൂടിയ ഇരുനില കെട്ടിടമാണ് ഈ വിദ്യാലയത്തിന് ഉള്ളത്. ഓരോ ക്ലാസ്സ് മുറിയും ആധുനിക സൗകര്യങ്ങളോട് കൂടിയതാണ്. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ പാചകപുരയും സ്റ്റോർറൂമും അതിനോടനുബന്ധിച്ചുണ്ട്. പച്ചക്കറികൾ സൂക്ഷിക്കാനുള്ളശീതീകരണ സൗകര്യവുമുണ്ട്. 253 വിദ്യാർഥികളിൽ 116 ആൺകുട്ടികളും 137 പെൺകുട്ടികളും ഉണ്ട്. പെൺകുട്ടികൾക്കായി ആധുനീകരിച്ച GIRLS – FRIENDLY ടോയിലറ്റുകളും ആൺ കുട്ടികൾക്കായി Boys Friendly toilets (10 ) Latrine (4) ഈ വിദ്യാലയത്തിന്റെ എടുത്തു പറയത്തക്ക സവിശേഷതയാണ്.

2002 മുതൽ ഡിവിഷൻ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ വിദ്യാലയത്തിൽ 2004 ആകുമ്പോഴേയ്ക്കും പൂർണ്ണമായ് ഡിവിഷൻ നഷ്ടപ്പെട്ട് ഓരോ ക്ലാസ്സായി മാറി. എന്നാൽ 2016 മുതൽ കുട്ടികൾ വർദ്ധിക്കുകയും നഷ്ടപ്പെട്ട ഡിവിഷനുകൾ വീണ്ടെടുക്കുവാൻ സാധിക്കുകയും ചെയ്തു. ഇത് ഈ വിദ്യാലയത്തിലെ അക്കാദമിക മികവിന് തെളിവാണ്. 2013 മുതൽ എല്ലാ വർഷവും LSS സ്കോളർഷിപ്പ് നേടിയെടുക്കുവാനും, കലാ-കായിക മേളകളിലും ശാസ്ത്ര മേളകളിലും മികച്ച വിജയം നേടിയെടുക്കുവാനും കഴിഞ്ഞു. 202425 അധ്യയന വർഷത്തിൽ 22 എൽ എസ് എസ് നേടാൻ കഴിഞ്ഞു എന്നതും സ്കൂളിന്റെ മികവ് എടുത്തു കാട്ടുന്നു. ഭാഷാ വികസനം വൈജ്ഞാനിക മേഖല,സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലകളിൽ കുട്ടിയുടെ നിലവിലെ അവസ്ഥ പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർ പ്ലാൻ ആസൂത്രണം ചെയ്യുന്നത്

VATAYAM SOUTH LP SCHOOL

കുട്ടികൾക്ക് നഷ്ടപ്പെട്ട ശേഷീ വികസന പ്രവർത്തനങ്ങൾ നൽകി ഓരോ കുട്ടിയുടെയും സർവോന്മുഖമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്.

**പരിമിതികൾ :** മതിയായ കമ്പ്യൂട്ടർ ഉണ്ടെങ്കിലും ഇതിനായിയുള്ള ഒരു ലാബ് സ്കൂളിൽ ഇല്ലാത്തതും ഒരു പരിമിതിയാണ്.

VATAYAM SOUTH LP SCHOOL

# പൊതു ലക്ഷ്യങ്ങൾ

- ❖ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക.

- ❖ കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തമാക്കും.

- ❖ ഇംഗ്ലീഷ് ഭാഷ പ്രാവിണ്യം നേടാൻ പ്രാപ്തരാക്കും.

- ❖ എല്ലാ കുട്ടികളെയും മികച്ച വായനക്കാരാക്കും.

- ❖ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പഠനത്തിന് പ്രാപ്തരാക്കും.

- ❖ കലാ കായിക ശാസ്ത്ര രംഗത്ത് കുട്ടികൾക്ക് അഭിരുചി വളർത്തും.

- ❖ മാതൃഭാഷ പഠനത്തിന് കൂടുതൽ ഊന്നൽ നൽകും.

- ❖ പ്രതിഭാശോഷണ പരിപാടികൾ സംഘടിപ്പിക്കും.

- ❖ പ്രകൃതിയോടിണങ്ങിച്ചേരുന്നതിനായ ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം.

- ❖ തൊഴിലധിഷ്ഠിധ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകും.

- ❖ ചതുഷ്കിയകൾ കുട്ടികളിൽ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തും.

VATAYAM SOUTH L.P SCHOOL

# അവസ്ഥാ വിശകലനം

## 2025-26 വർഷത്തെ കുട്ടികളുടെ എണ്ണം

| | I | | II | | III | | IV | | TOTAL | |
|---|---|---|---|---|---|---|---|---|---|---|
| വിഭാഗം | B | G | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 28 | 40 | 35 | 40 | 32 | 36 | 22 | 21 | 117 | 137 |
| ആകെ | 68 | | 75 | | 68 | | 43 | | 254 | |

| ക്ലാസ് | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താൽക്കാലിക അധ്യാപകർ |
|---|---|---|---|
| LP | 14 | 13 | 1 |

പ്രവർത്തനങ്ങൾ

**1. പൊതു വിഷയങ്ങൾ**

ലഹരി, മയക്കുമരുന്ന്, ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണ ക്ലാസ്, പോസ്റ്റർ നിർമ്മാണം, മനുഷ്യചങ്ങല നിർമ്മിക്കൽ, പ്രതിജ്ഞ ചൊല്ലൽ (2 ആഴ്ചക്കാലം)

**2) ട്രാഫിക് നിയമങ്ങൾ**

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ് (ഞഠഛ) സ്കിറ്റുകൾ, പവർ പോയിന്റ്, പ്രസന്റേഷൻ, ക്ലോസ് ഡ്രിൽ

**3) വ്യക്തി ശുചിത്വം, പരിസര ശുചിത്വം, സ്കൂൾ സൗന്ദര്യ വൽക്കരണം**

വ്യക്തി ശുചിത്വം കളറ യിലൂടെ

സ്കൂൾ ശുചീകരണം, വൃക്ഷ തൈ നടൽ, പൂന്തോട്ട നിർമ്മാണം, പോസ്റ്റർ നിർമ്മാണം.

**4. ആരോഗ്യം, വ്യായാമം, കായിക ക്ഷമത, ആഹാര ശീലം**

സച്ചിത്ത് ഡോക്ടറുടെ ക്ലാസ്

സൂംബോ ഡാൻസ്

ഡ്രിൽ

സമീകൃതാഹാര ശീലങ്ങൾ ചർച്ച

**5. ഡിജിറ്റൽ അച്ചടക്കം**

റോൾപ്ലേ, കഥാരചന, ചിത്രരചന, പോസ്റ്റർ നിർമ്മാണം

പൊതു മുതൽ സംരക്ഷണം കാലാവസ്ഥ മുൻകരുതൽ

ചർച്ച, ലിസ്റ്റിംഗ്,ചിത്രരചന, രചന മത്സരം

(ചിത്രരചന, കവിതരചന, കഥാ രചന)

**6) പരസ്പര സഹകരണത്തിന്റെ പ്രാധാന്യം**

റോൾ പ്ലേ (ഡൈനിംഗ് സമയം, ബസ്സ് യാത്ര, കുടുംബമായി കടയിൽ പോകൽ, തുണിക്കട

**പൊതു ക്രോഡീകരണം**

കഴിഞ്ഞ ക്ലാസ്സുകളിൽ ചർച്ച ചെയ്ത വിഷയങ്ങളുടെ ക്രോഡീകരണം

VATAYAM SOUTH LP SCHOOL

# അക്കാദമിക കാഴ്ചപ്പാട്

വിദ്യാലയത്തിൽ എത്തുന്ന എല്ലാ കുട്ടികളെയും മലയാളം തെറ്റ് കൂടാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കും. ഇതിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കും. (അക്ഷരവെളിച്ചം, വായനപ്പൂലരി) ഒന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കുംഏറ്റവും ഉയർന്ന പഠന നേട്ടം ഉറപ്പാക്കുന്നതിനായി ഒന്നാം ക്ലാസ്സ് ഒന്നാം തരം പദ്ധതി നടപ്പാക്കും.

എല്ലാ കുട്ടികളും ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ് നേടാൻ 'സ്വീറ്റ് ഇംഗ്ലീഷ് ' പദ്ധതി തുടരും. എല്ലാ കുട്ടികൾക്കും പരമാവധി പഠന നേട്ടം ഉറപ്പാക്കും. ഐ ടി പഠന പ്രക്രിയയിൽ കുട്ടികളെ പങ്കാളികളാക്കുന്നതിനായി 'അറിവ് വിരൽതുമ്പിലൂടെ ' എന്നാ പദ്ധതിയും, കുട്ടികളിലെ സർഗവാസനകളെ പരിപോഷിക്കുന്നതിനായി 'ചിലമ്പ് ' എന്ന പദ്ധതിയും ആവിഷ്കരിക്കും .

**<u>അക്കാദമിക മികവിനായി നടപ്പിലാക്കുന്ന പദ്ധതികൾ</u>**

- മലയാളത്തിളക്കം
- വായനപ്പൂലരി
- ഗണിതാരാമം
- സ്വീറ്റ് ഇംഗ്ലീഷ്
- കണ്ടും തൊട്ടും അറിഞ്ഞും
- ചിലമ്പ്
- അറിവ് വിരൽ തുമ്പിലൂടെ
- ഒന്നാം ക്ലാസ്സ് ഒന്നാം തരം
- അറിയാം എഴുതാം
- പാട്ടരങ്ങ്
- റീഡേഴ്‌സ് തിയേറ്റർ
- കാവ്യോത്സവം
- കാവ്യാവിഷ്കാരം
- ഗണിതോപകരണ നിർമ്മാണ ശില്പശാല
- എന്റെ വളരുന്ന നിരീക്ഷണക്കുറിപ്പ്
- സർഗ്ഗോത്മക ഡയറി
- സചിത്ര ഡയറി, സംയുക്ത ഡയറി, രചനോത്സവം,
- കഥാവേള, രചനാപരിചയകുറിപ്പ്

VATAYAM SOUTH LP SCHOOL

# നിലവിലുള്ള അവസ്ഥ

## മലയാളം

സ്കൂളിൽ 40% ത്തോളം കുട്ടികളും അക്ഷരത്തെറ്റില്ലാതെ എഴുതാനും വായിക്കാനും കഴിയുന്നവരാണ് 40% കുട്ടികൾ പ്രത്യേകമായി നടത്തുന്ന പരിഹാര പ്രവർത്തനങ്ങളിൽ (മലയാളത്തിളക്കം ) മികവ് പുലർത്തുന്നവർ ക്ലാസ്സ്റൂം പ്രവർത്തങ്ങളിൽ തെറ്റ് വരുത്തുന്നു . ബാക്കി 20% കുട്ടികൾ എഴുത്തിലും വായനയിലും പ്രയാസം അനുഭവിക്കുന്നവരാണ് .

സ്വതന്ത്ര വായനയിലേക്ക് കുട്ടികൾ എത്തുന്നില്ല

തെറ്റുകൂടാതെ എഴുതാനും വായിക്കാനും കഴിയുന്ന കുട്ടികൾ സർഗാത്മക രചനകളിൽ പിന്നോക്കമാണ് .

- കുട്ടികൾക്ക് വാചികമായി ഭാഷ ഉപയോഗിക്കാനുള്ള കഴിവ് കുറവാണ്
- തുടക്കകാരുടെ നിലവാരത്തിൽ കുട്ടികളുടെ രചനകൾ എത്തിയിട്ടില്ല
- ലേഖനത്തിൽ ധാരാളം തെറ്റുകൾ വരുത്തുന്നു
- കുട്ടികളുടെ വായന മെച്ചപ്പെടുത്തേണ്ടതുണ്ട്
- സർഗാത്മകമായി കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കൽ
- സംഖ്യബോധവും ക്രിയാശേഷിയും എല്ലാവരും നേടിയിട്ടില്ല
- ഇംഗ്ലീഷ് എഴുതുമ്പോഴും വായിക്കുമ്പോഴും തെറ്റുകൾ വരുത്തുന്നുണ്ട് .

VATAYAM SOUTH LP SCHOOL

## മേഖല : അക്കാദമികം, ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരങ്ങളും അടയാളങ്ങളും ഉറപ്പിക്കും (പിന്നോക്കക്കാർ) | പ്രീ ടെസ്റ്റ് , ടൂൾ നിർമ്മാണം | മെയ് 25 | ക്ലാസ്സ് ടീച്ചർ | PTA |
| | പ്രീ ടെസ്റ്റ് സംഘടിപ്പിക്കൽ | ജൂൺ 15 | ക്ലാസ്സ് ടീച്ചർ | ക്ലാസ്സ് ടീച്ചർ |
| | പിന്നോക്കക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രത്യേക യോഗം | ജൂൺ 18 | HM, CLASS TEACHER | STAFF |
| | മൊഡ്യൂൾ വിനിമയം (മലയാത്തിളക്കം) | ജൂൺ 18 | HM, CLASS TEACHER | 500 |
| | ICT സാധ്യത ഉപയോഗിച്ച് ക്ലാസ്സ് കൈകാര്യം ചെയ്യൽ | ജൂൺ 20 | STAFF | PTA |
| | Post test | ജൂലൈ 25 | STAFF | 1000 |
| ഒന്ന് മുതൽ 4 വരെയുള്ള കുട്ടികളെ മികച്ച വായനക്കാർക്കും | PTA "വായനപ്പുലരി" | ജൂലൈ 27 | SRG | SRG |
| | പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ | മെയ് 30 | STAFF | SRG |
| | ക്ലാസ്സ് അടിസ്ഥാനത്തിൽ തരം തിരിക്കൽ | മെയ് 31 | STAFF | STAFF |
| | പുസ്ത ശേഖരണം | ജൂൺ ആദ്യം | PTA | BRC,STAFF MANAGER |
| | SHELF നിർമ്മാണം | ' | MANAGER | STAFF |
| | CLASS LIBRARY | ജൂൺ 14 | ക്ലാസ്സ് ടീച്ചർ | STAFF |

VATAYAM SOUTH LP SCHOOL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ദിനപത്രം | ദീർഘകാലം | ക്ലാസ് ടീച്ചർ | സന്നദ്ധ സംഘടന |
| | പുസ്തകാനുഭവം വായനക്കുറിപ്പ് | ആഗസ്റ്റ് | | |
| | വായനാ മത്സരം (സമ്മാന വിതരണം ) | നവംബർ | MPTA | PTA 1000 |
| | പതിപ്പ് തയ്യാറാക്കൽ | ഡിസംബർ | ക്ലാസ്സ് ടീച്ചർ | |
| | കഥാ കവിതാ രചന മത്സരം | ജനുവരി | PTA | PTA 1000 |
| ഭാഷപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരം ,ചിഹ്നങ്ങൾ ഉറപ്പിക്കൽ | ഫെബ്രുവരി 30 | SRG | |
| | അക്ഷരകാർഡുകൾ , അക്ഷര കട്ടകൾ | | | |
| | വാക്കുകൾ എഴുതിയ കാർഡുകൾ | | | |
| | ചിത്രവായന - ICT | | | |
| | പുസ്തകപ്പയറ്റ് സംഘടിപ്പിക്കൽ | | | |
| രചനാ പരമായ പിന്നോക്കാവസ്ഥ | അക്ഷരം,<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>അക്ഷര കാർഡുകൾ<br>അക്ഷര കട്ടകൾ<br>വാക്കുകൾ എഴുതൽ<br>വാക്യങ്ങൾ എഴുതൽ<br>രചനോത്സവം സംഘടിപ്പിക്കൽ<br>സചിത്ര, സംയുക്ത ഡയറി<br>പതിപ്പ് നിർമ്മാണം | | | |

VATAYAM SOUTH LP SCHOOL

## പ്രവർത്തന വിശദാംശം

**ലക്ഷ്യം – I**

**പ്രവർത്തനം – അക്ഷര വെളിച്ചം**

### 1.1 പ്രീ ടെസ്റ്റ് ടൂൾ നിർമ്മാണം

മെയ് 25 ന് സ്കൂളിൽ ചേരുന്ന SRG 2,3,4 ക്ലാസ്സുകളിൽ പിന്നോക്കക്കാരെ കണ്ടെത്തുന്നതിനാവശ്യമായ ചോദ്യാവലി നിർമ്മിക്കുന്നു.

### 1.2 പ്രീ – ടെസ്റ്റ്

ജൂൺ 8 ന് ക്ലാസ്സ് ടീച്ചറുടെ നേതൃത്വത്തിൽ മുഴുവൻ കുട്ടികൾക്കും പ്രീ ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു.

### 1.3 മൊഡ്യൂൾ – മലയാളത്തിളക്കം

3,4 ക്ലാസ്സുകളിലെ പിന്നോക്കാവസ്ഥക്കാരായ കുട്ടികളെ മുന്നോക്കത്തിലെക്കെത്തിക്കാൻ വേണ്ടി "മലയാളത്തിളക്കം" മൊഡ്യൂൾ കൈകാര്യം ചെയ്യാൻ തീരുമാനിച്ചു.

### 1.4 മലയാളത്തിളക്കം

ജൂൺ 15ന് പ്രീ ടെസ്റ്റിലൂടെ കണ്ടെത്തിയ കുട്ടികൾക്ക് ആഴ്ചയിൽ എല്ലാ ദിവസവും ചുമതലയുള്ള അധ്യാപകർ ക്ലാസ്സ് കൈകാര്യം ചെയ്യുന്നു.

### 1.5 എസ്.ആർ.ജി യോഗം

ആഴ്ചയിൽ കുട്ടികളുടെ പഠന നിലവാരം എസ് ആർ ജിയിൽ ചർച്ച ചെയ്യുന്നു.

### 1.6 Post Test

ആഗസ്റ്റ് 30 പോസ്റ്റ് ടെസ്റ്റ് നടത്താനുള്ള ചോദ്യാവലി തയ്യാറാക്കുന്നു. 31ന് പരീക്ഷ നടത്തുന്നു.

### 1.7 പി ടി എ യോഗം

SEPT-4 ന് പിന്നോക്കക്കാരായ കുട്ടികളുടെ പോസ്റ്റ് ടെസ്റ്റ് നടത്തി വിലയിരുത്തിയ പേപ്പറും പ്രീ ടെസ്റ്റിൽ നടത്തിയ പേപ്പറും തമ്മിൽ രക്ഷിതാക്കൾ താരതമ്യം ചെയ്യുന്നു.മാറ്റങ്ങൾ തിരിച്ചറിയുന്നു.മാറ്റങ്ങൾ തിരിച്ചറിയുന്നു.

"മലയാളത്തിളക്കം" മൊഡ്യൂൾ പ്രകാരം പിന്നോക്കം നിൽക്കുന്ന എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തനാക്കും.

VATAYAM SOUTH LP SCHOOL

## ലക്ഷ്യം – II

## പ്രവർത്തനം – വായനാപ്പുലരി

### 2.1 ലൈബ്രറി നവീകരണം

മെയ് 30 ന് നിലവിലുള്ള പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.ക്ലാസ്സ് ലൈബ്രറി ഒരുക്കാനുള്ള സാമഗ്രികളുടെ ലിസ്റ്റ് SRGയിൽ ചർച്ച ചെയ്യുന്നു.

### 2.2 പുസ്തക ശേഖരണം

_ ജൂൺ 4ന് CPTA വിളിച്ച് ഓരോ ക്ലാസ്സിലെയും ഓരോ കുട്ടി ഒരു പുസ്തകം ക്ലാസ്സിലേയ്ക്ക് തീരുമാനിക്കുന്നു.

### 2.3 വായനാക്കൂട്ടം രൂപീകരണം

വായനാകൂട്ടത്തിനായി ഓരോ ക്ലാസ്സിലും ഗ്രൂപ്പുകൾ ഉണ്ടാക്കുന്നു. ( ജൂൺ 10 ) വായിച്ച പുസ്തകത്തിന്റെ ആസ്വാധനക്കുറിപ്പ് തയ്യാറാക്കുന്നു.

### വായന മത്സരം

ജൂൺ 23 ന് ക്ലാസ്സ് തലത്തിൽ വായനാമത്സരം സംഘടിപ്പിച്ച് മികച്ച വായനക്കാരെ കണ്ടെത്തി സമ്മാന വിതരണം നടത്തുന്നു. തുടർന്നുള്ള ഓരോ മാസവും വായനാമത്സരം സംഘടിപ്പിക്കുന്നു.

### പതിപ്പ് തയ്യാറാക്കൽ

ദിനാചരണങ്ങളുടെ ഭാഗമായി പതിപ്പ് തയ്യാറാക്കുന്നു. മികച്ച പതിപ്പുകൾ കണ്ടെത്തി അസംബ്ലിയിൽ പ്രകാശനം നടത്തുന്നു.

### കഥയരങ്ങ് കവിയരങ്ങ്

ജനുവരി 27ന് ക്ലാസ്സ് തലത്തിൽ മത്സരം നടത്തിയതിനു ശേഷം സ്കൂൾ തലം കഥാരചന, കവിതാരചന മത്സരം നടത്തുന്നു. കുട്ടികളുടെ മാനസികാ പ്രദർശ്ശനവും നടത്തുന്നു.

VATAYAM SOUTH LP SCHOOL

# ധനകാര്യ വിശകലനം

| ഇനം | ചെലവ് | സ്രോതസ്സ് |
|---|---|---|
| Pre-test | 1000 | PTA |
| പിന്നോക്കക്കാർക്കുള്ള മോഡ്യൂൾ വിനിമയം | 500 | |
| പോസ്റ്റ് ടെസ്റ്റ് | 1000 | സ്റ്റാഫ് |
| പുസ്തക ശേഖരണം | 10000 | പി.ടി.എ സ്റ്റാഫ് |
| ആകെ | 30500 | |

VATAYAM SOUTH LP SCHOOL

# നിലവിലെ അവസ്ഥ

**( ഇംഗ്ലീഷ് )**

– എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ശബ്ദങ്ങളും തിരിച്ചറിഞ്ഞ് വായിക്കാനാകുന്നില്ല.

– സ്വന്തമായി വാക്യങ്ങൾ നിർമ്മിക്കാൻ പ്രയാസം അനുഭവപ്പെടുന്നു.

– കുട്ടികൾക്കറിയാവുന്ന പദാവലികൾ ആശയ വിനിമയത്തിന് ഉപയോഗിക്കാൻ കഴിയുന്നില്ല.

– ആശയ വിനിമയത്തിന് അവസരങ്ങൾ കുറവാണ്

VATAYAM SOUTH LP SCHOOL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ പദ സമ്പത്ത് വർദ്ധിപ്പിക്കും | സ്വീറ്റ് ഇംഗ്ലീഷ് ഇംഗ്ലീഷ് അന്തരീക്ഷം ഒരുക്കൽ<br>ഐ സി ടി സാധ്യത ഉപയോഗപ്പെടുത്തൽ<br>ടീച്ചർ ടോക്ക്<br>ഗെയിംസ് സംഘടിപ്പിക്കൽ<br>ലെറ്റർ കാർഡ്,വേൾഡ് കാർഡ് നിർമ്മാണം | ജൂൺ | ക്ലാസ്സ് ടീച്ചർ | 1000<br>സ്റ്റാഫ് & PTA |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുംഎഴുതാനുമുള്ള കഴിവ് | ലേബൽ പതിപ്പിക്കൽ<br>ഇംഗ്ലീഷ് അസ്സംബ്ലി സംഘടിപ്പിക്കൽ<br>ഇംഗ്ലീഷ് ന്യൂസ് പസ്സിൽസ് സ്റ്റോറി സ്വയം പരിചയപ്പെടുത്തൽ ഇംഗ്ലീഷ് സ്പീച്ച്<br>ഇംഗ്ലീഷ് ലൈബ്രറി<br>ഇംഗ്ലീഷ് ഫെസ്റ്റ് | ജൂൺ | ക്ലാസ്സ് ടീച്ചർ | 1000<br>3000 |

VATAYAM SOUTH LP SCHOOL

## പ്രവർത്തന വിശദാംശങ്ങൾ

## ലക്ഷ്യം – I

കുട്ടികളുടെ ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിച്ച് ഒഴുക്കോടെ എഴുതാനും വായിക്കാനും പ്രാപ്തരാക്കും.

## 1.1 പ്രവർത്തനം – സ്വീറ്റ് ഇംഗ്ലീഷ്

ഇംഗ്ലീഷ് ഭാഷ സ്വന്തമാക്കാൻ കഴിയുന്ന തരത്തിൽ വിദ്യാലയ അന്തരീക്ഷം സജ്ജമാക്കൽ.

## 1.2 SRG യോഗം (മെയ് 30)

ലേബൽ നിർമ്മാണം, അക്ഷര കാർഡ്,പദ കാർഡ്,ചിത്ര ചാർട്ട് ഇവയുടെ നിർമ്മാണത്തെക്കുറിച്ച് ചർച്ച ചെയ്യൽ.

## 1.3 സാമഗ്രി നിർമ്മാണം ( ജൂൺ ആദ്യവാരം )

## 1.4 ഭാഷാ ലാബ് സജ്ജമാക്കൽ

ജൂൺ 15ന് പ്രീ ടെസ്റ്റിലൂടെ കണ്ടെത്തിയ കുട്ടികൾക്ക് ആഴ്ചയിൽ എല്ലാ ദിവസവും ചുമതലയുള്ള അധ്യാപകർ ക്ലാസ്സ് കൈകാര്യം ചെയ്യുന്നു.

## 1.5 ഇംഗ്ലീഷ് അസ്സംബ്ലി സംഘടിപ്പിക്കൽ ( ആഴ്ചയിൽ – 1)

- ഇംഗ്ലീഷ് ന്യൂസ്,പസ്സിൽസ്,സ്റ്റോറി സ്വയം പരിചയപ്പെടുത്തൽ,ഇംഗ്ലീഷ് സ്പീച്ച്,തോട്സ് ഓഫ് ദി ഡെ, പ്ലെഡ്ജ്

## 1.6 ഇംഗ്ലീഷ് ലൈബ്രറി

ഇംഗ്ലീഷ് പുസ്തകങ്ങളുടെ ശേഖരണം ( ജൂലൈ 5)

- ഓരോ ക്ലാസ്സിനും യോജിച്ച പുസ്തകങ്ങൾ തരം തിരിക്കൽ
- വായനയ്ക്കുള്ള അവസരം ഒരുക്കൽ

വായനാ മൂലയിൽ ഇംഗ്ലീഷ് ബാലാ മാസികകൾ, വായനാകാർഡുകൾ....

## 1.7 കുട്ടികളുടെ സൃഷ്ടികളും അഭിപ്രായങ്ങളും

## 1.8 ഇംഗ്ലീഷ് ക്ലബ്ബ് നിർമ്മാണം

## 1.9 ഇംഗ്ലീഷ് ഡേ

VATAYAM SOUTH L P SCHOOL

# ധനകാര്യം

| ഇനം | ചെലവ് | സ്രോതസ്സ് |
|---|---|---|
| ഇംഗ്ലീഷ് അന്തരീക്ഷമൊരുക്കൽ | 1000 | STAFFS |
| സാമഗ്രി നിർമ്മാണം | 1000 | |
| ഇംഗ്ലീഷ് പത്രം | 1500 | |
| ഇംഗ്ലീഷ് ലൈബ്രറി | 2000 | സ്പോൺസർ |
| ഇംഗ്ലീഷ് ഫെസ്റ്റ് | 2000 | PTA |
| ആകെ | 7500 | |

VATAYAM SOUTH LP SCHOOL

## നിലവിലെ അവസ്ഥ

(ശാസ്ത്രം)

- അപഗ്രഥിച്ച് നിഗമനത്തിൽ എത്തിച്ചേരാൻ പ്രയാസം അനുഭവപ്പെടുന്നു.

- ഫീൽഡ് ട്രിപ്പ് സാധ്യതകൾ പ്രയോജനപ്പെടുത്താനാകുന്നില്ല

- ലഘു പ്രോജക്ടുകളിൽ ഏർപ്പെടാനുള്ള അവസരം ദുർബലമാണ്.

VATAYAM SOUTH LP SCHOOL

## മേഖല : അക്കാദമികം    ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി സംരക്ഷണ മനോഭാവം വളർത്തിയെടുക്കുക | ഔഷധത്തോട്ടം | ജൂൺ5 | PTA & സ്റ്റാഫ് | സ്റ്റാഫ് & PTA |
| | ശലഭോധ്യാനം | ജൂൺ5 | " | 5000 |
| | മത്സ്യത്തോട്ടം | ജൂൺ5 | " | 2000 |
| | പച്ചക്കറിത്തോട്ടം | ഡിസംബർ | | 2000 |
| | ഫീൽഡ് ട്രിപ്പ് | | | |
| | ജൈവ വൈവിധ്യ പാർക്ക് | | | 5000 |
| ലഘു പരീക്ഷണങ്ങൾ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തും | പരീക്ഷണം ചെയ്യുവാനുള്ള അവസരം ഒരുക്കും | ദീർഘകാലം | | |
| ദേശീയവബോധം വളർത്തും | ക്വിസ് പരിപാടി<br>ദിനാചാരണങ്ങൾ<br>ICT | | SRG | 1000 |

VATAYAM SOUTH LP SCHOOL

## പ്രവർത്തനങ്ങൾ

## ജൈവ വൈവിധ്യ പാർക്ക്

### ഔഷധത്തോട്ടം :

ദശപുഷ്പ ഉദ്യാനം ഉൾപ്പെടെ നമ്മുടെ ചുറ്റുപാടുമുള്ള ഔഷധ സസ്യങ്ങളെ തിരിച്ചറിയാനും അവ നട്ടു വളർത്തേണ്ടതാണെന്ന ബോധം വളർത്തിയെടുക്കാനും അവയുടെ ആവശ്യകത തിരിച്ചറിയാനും സ്കൂളിലെ ഔഷധ തോട്ടത്തെ മെച്ചപ്പെടുത്തൽ.

- ഔഷധത്തോട്ട സന്ദർശനം
- പാരമ്പര്യ വൈദ്യനുമായുള്ള അഭിമുഖം
- ഔഷധ സസ്യങ്ങളെ ഉപയോഗത്തിനനുസരിച്ച് പട്ടികപ്പെടുത്തൽ
- പുതിയ പുതിയ ഔഷധ സസ്യങ്ങളെ തിരിച്ചറിയൽ
- ഔഷധത്തോട്ടത്തിൽ അവയെ ഉൾപ്പെടുത്തൽ

### ശലഭോദ്യാനം:

പ്രകൃതിയോടും സഹജീവികളോടും സ്നേഹം വളർത്തിയെടുക്കുക എന്ന ലക്ഷ്യവുമായി "ശലഭോദ്യാനം" എന്ന പദ്ധതിക്ക് തുടക്കം കുറിച്ചു.

- പൂന്തോട്ട നിർമ്മാണം
- പക്ഷിക്കൊരു കുടിനീർ
- തീറ്റ നൽകു വിശപ്പകറ്റ – കുട്ടികൾ തന്നെ ഉച്ചഭക്ഷണ സമയത്ത് മറ്റ് ജീവികൾക്ക് തീറ്റ നൽകുന്നു.
- പട്ടികപ്പെടുത്താം: ശലഭോദ്യാനത്തിൽ തേൻ കുടിക്കാൻ വരുന്ന ജീവികളെ പട്ടികപ്പെടുത്തൽ.
- പക്ഷിക്കൊരു കൂട്

### മത്സ്യകൃഷി

മത്സ്യ സമ്പത്ത് വളർത്തുക, സ്വയം പര്യാപ്തരാകുക എന്നാ ലക്ഷ്യത്തോടുകൂടി മത്സ്യ കൃഷി നടത്തുന്നു.

### നിരീക്ഷണം,താരതമ്യം,വർഗീകരണം

പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചുറ്റുപാടും നിരീക്ഷിച്ച് സസ്യങ്ങൾ, ജീവികൾ,വസ്തുക്കൾ എന്നിവയെ താരതമ്യം ചെയിത് വർഗീകരിക്കുന്നു.

VATAYAM SOUTH L.P. SCHOOL

## ധനകാര്യ വിശകലനം

| ഇനം | ചെലവ് | സ്രോതസ്സ് |
|---|---|---|
| ഔഷധത്തോട്ടം | 2500 | PTA |
| ശലഭോദ്യാനം | 2500 | PTA |
| മത്സ്യകൃഷി | 2000 | MANAGER |
| പച്ചക്കറിത്തോട്ടം | 2000 | PTA |
| ആകെ | 9000 | |

VATAYAM SOUTH LP SCHOOL

# നിലവിലെ അവസ്ഥ

# (ഗണിതം)

സ്ഥാനവില തിരിച്ചറിഞ്ഞ് എഴുതാൻ കഴിയാത്ത കുട്ടികളുണ്ട്.

പുനഃക്രമീകരണം വരുന്ന വ്യവകലക്രിയകൾ തെറ്റിക്കുന്നു.

മനകണക്കുകൾ ചെയ്യാൻ പ്രയാസം അനുഭവപ്പെടുന്നു.

യുക്തി ചിന്തയിൽ പ്രയാസം അനുഭവപ്പെടുന്നു.

സമയം,ദൂരം,ഭാരം,ഉള്ളളവ്, തുടങ്ങിയ ആശയ രൂപീകരണത്തിൽ പ്രശ്നം നേരിടുന്നു.

പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിക്കുന്നതിൽ പ്രയാസം അനുഭവപ്പെടുന്നു.

VATAYAM SOUTH LP SCHOOL

## മേഖല : അക്കാദമികം ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അടിസ്ഥാന ഗണിത ശേഷി ഉറപ്പാക്കും | (ഗണിതാരാമം ) ഗണിതാശയങ്ങൾ ഉറപ്പിക്കാനവശ്യമായ സാമഗ്രികൾ ലിസ്റ്റ് ചെയ്യൽ | ജൂൺ ആദ്യം | Staff | |
| | സാമഗ്രി നിർമ്മാണം | ജൂൺ 10 മുതൽ 30 വരെ | BRC MPTA | 4000 BRC & STAFF |
| | ഗണിത കിറ്റ് | ജൂലൈ ആദ്യവാരം | CLASS TEACHER | 1000 |
| | ഐ ടി വിഭവം പട്ടികപ്പെടുത്തൽ | ജൂലൈ മുതൽ | " | |
| | ഓരോ യുണിറ്റ് അടിസ്ഥാനത്തിൽ വർക്ക്ഷീറ്റ് നിർമ്മിക്കുന്നു | മാസത്തിൽ രണ്ട് തവണ | " | 1000 |
| ഗണിത പഠനം ലളിതവും രസകരവുമാക്കും | **ഗണിതന്തരീക്ഷം ഒരുക്കൽ** (ചാർട്ടിൽ ചിത്രം ) | ജൂൺ | ക്ലാസ്സ് ടീച്ചർ | 1000<br>3000 |
| | ഗണിത കളികൾ സജ്ജമാക്കൽ (പാമ്പും കോണിയും ,പസ്സിലും , റാണിയും മക്കളും , സാറ്റ് കളി ) | " | " | BRC & STAFF |
| | പാട്ടുകളിലൂടെ ഗണിത പഠനം | " | " | 3000 |
| | പ്രകൃതിയെ തൊട്ടറിഞ്ഞുള്ള ഗണിത പഠനം | " | " | |
| മനക്കണക്കിൽ പ്രവീണ്യം നേടും | അസ്സംബ്ലിയിൽ ഗണിത ചോദ്യാവലി | ആഴ്ചയിൽ ഒന്ന് | HM | |
| | പ്രശ്ന സന്ദർഭം ഒരുക്കൽ | | | |

VATAYAM SOUTH LP SCHOOL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ടൂൾ നിർമ്മാണം | മെയ് 25 | ക്ലാസ്സ് ടീച്ചർ | 1000 |
| | പ്രീ ടെസ്റ്റ് | ജൂൺ 8 | | |
| | വിലയിരുത്തൽ നടത്തുന്നു | | | |
| | പിന്നോക്കക്കാരെ കണ്ടെത്തുന്നു | | | |
| | മോഡ്യൂൾ നിർമ്മാണം | | | 1000 |
| | PTA നടത്തുന്നു | | | |
| | പോസ്റ്റ് ടെസ്റ്റ് | | | |
| | മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണംചെയ്യൽ | August To March | | |
| | എടുത്ത് മാറ്റാം സംഖ്യാ ചക്രമനുസരിച്ച് സംഖ്യാ ചക്രം , ATM, മുത്തു കോർക്കൽ,കച്ചവടം | | | |
| മനക്കണക്കിൽ പ്രവീണ്യം നേടും | അബാക്കസ് ,സ്ഥാനവില പോക്കറ്റ്, കളി നോട്ടുകൾ, സംഖ്യാ റിബൺ എന്നിവ ഉപയോഗിച്ച് സ്ഥാനവില ഉറപ്പിക്കൽ | August To March | | |

VATAYAM SOUTH LP SCHOOL

# പ്രവർത്തന വിശദാംശങ്ങൾ

## ലക്ഷ്യം :

എല്ലാ കുട്ടികൾക്കും അടിസ്ഥാന ഗണിത ശേഷി ഉറപ്പാക്കും

## പ്രവർത്തനം – ഗണിതാരാമം

### 1.1 പ്രീ – ടെസ്റ്റ് ടൂൾ നിർമ്മാണം

മെയ് 25 ന് സ്കൂളിൽ ചേരുന്ന SRGയിൽ 2,3,4 ക്ലാസ്സുകളിൽ പിന്നോക്കാരെ കണ്ടെത്തുന്നതിനാവശ്യമായ ചോദ്യാവലി നിർമ്മിക്കുന്നു.

### 1.2 പ്രീ – ടെസ്റ്റ്

ജൂൺ 8ന് ക്ലാസ്സ് ടീച്ചറുടെ നേതൃത്വത്തിൽ മുഴുവൻ കുട്ടികൾക്കും പ്രീ ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു.

### 1.3 മോഡ്യൂൾ – ഗണിതം മധുരം

3,4 ക്ലാസ്സുകളിലെ ഗണിതാശയം ഉറക്കാത്ത കുട്ടികളെ മറ്റുള്ള കുട്ടികളോടൊപ്പം എത്തിക്കാൻ വേണ്ടി ഗണിതം മധുരം എന്ന മൊഡ്യൂൾ നിർമ്മിക്കുന്നു.

### 1.4 ഗണിതം മധുരം

ജൂൺ 15ന് നടത്തിയ പ്രീ ടെസ്റ്റിലൂടെ കണ്ടെത്തിയ കുട്ടികൾക്ക് ആഴ്ചയിൽ എല്ലാ ദിവസവും ചുമതലയുള്ള അധ്യാപകൻ ക്ലാസ്സ് കൈകാര്യം ചെയ്യുന്നു .

### 1.5 എസ് ആർ ജി യോഗം

രണ്ടാഴ്ച കൂടുമ്പോൾ കുട്ടികളുടെ പഠന നിലവാരം SRGയിൽ ചർച്ച ചെയ്യുന്നു. വേണ്ട മാറ്റങ്ങൾ തീരുമാനിക്കുന്നു.

### 1.6 പോസ്റ്റ് ടെസ്റ്റ്

അഗസ്റ്റ് 30ന് പോസ്റ്റ് ടെസ്റ്റ് നടത്താനുള്ള ചോദ്യാവലി തയ്യാറാക്കുന്നു.പരീക്ഷ നടത്തുന്നു.

### 1.7 പി ടി എ യോഗം

SEP– 4 ന് പിന്നോക്കക്കാരായ കുട്ടികൾക്കുള്ള പോസ്റ്റ് ടെസ്റ്റ് നടത്തി വിലയിരുത്തിയ പേപ്പറും പ്രീ ടെസ്റ്റ് നടത്തിയ പേപ്പറും പ്രീ ടെസ്റ്റ് നടത്തിയ പേപ്പറും താരതമ്യം ചെയ്യാൻ രക്ഷിതാക്കൾക്ക് നൽകുന്നു. മാറ്റങ്ങൾ തിരിച്ചറിയുന്നു.

ഗണിതം മധുരം മൊഡ്യൂൾ പ്രകാരം പിന്നോക്കം നിൽക്കുന്ന എല്ലാ കുട്ടികളിലും ഗണിതാശയം ഉറപ്പിക്കും.

## ലക്ഷ്യം – 2

## ഗണിത പഠനം ലളിതവും രസകരമാക്കും

**2.1 കുട്ടികൾക്ക് ഗണിതത്തോടുള്ള ആഭിമുഖ്യം വളർത്താൻ വേണ്ടി എല്ലാ ക്ലാസ്സുകളിലും ഗണിതാന്തരീക്ഷം ഒരുക്കുന്നു. (ജൂൺ–4)**

2.2 SRG യോഗം (മെയ് 30)

എല്ലാ ക്ലാസ്സിലും ഗണിതാന്തരീക്ഷം ഒരുക്കാനുള്ള സാമഗ്രികളെ കുറിച്ചും ഗണിതകേളികളും ഏർപ്പെടാനുള്ള സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.

### 2.3 സാമഗ്രികൾ ഒരുക്കൽ (ജൂൺ 2)

**2.4 ഗണിത പഠനം മെച്ചപ്പെടുത്താൻ വേണ്ടി ഗണിത ലാബ് ഉപയോഗപ്പെടുത്തുന്നു (ജനുവരി)**

VATAYAM SOUTH LP SCHOOL

## ധനകാര്യം

| ഇനം | ചെലവ് | സ്രോതസ്സ് |
|---|---|---|
| Question | 1000 | PTA |
| പിന്നോക്കക്കാർക്കുള്ള മൊഡ്യൂൾ | 1000 | – |
| സാമഗ്രികൾ നിർമ്മാണം | 4000 | BRC & Staff |
| ഗണിത കിറ്റ് | 1000 | Staff |
| വർക്ക്ഷീറ്റ് | 1000 | രക്ഷിതാക്കൾ |
| ആകെ | 8000 | |

VATAYAM SOUTH LP SCHOOL

## മേഖല : അക്കാദമികം     ഉപമേഖല : കലാകായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കും | ചിലമ്പ് * സാഹിത്യ ക്ലബ്ബ് രൂപീകരണം | ജൂൺ മുതൽ | SCHOOL LEADER | PTA & STAFF |
| | *ബാലസഭ | " | CLASS LEADER | |
| | *ഓരോ മേഖലയിലെയും കലാവാസനകൾ തിരിച്ചറിയൽ | | | |
| | *പരിശീലനം നൽകൽ | | | |
| | കലാ കേമ്പ് സംഘടിപ്പിക്കൽ | | | |
| | സർഗ്ഗോത്സവം | | | |
| കുട്ടികളിൽ കായിക ക്ഷമത ഉറപ്പാക്കും | അന്യം നിന്ന് പോകുന്ന നാടൻ കളികൾ പരിചയപ്പെടുത്തൽ | ജൂലൈ | കായികാധ്യാപകൻ | |
| | പരിശീലനം നൽകൽ | | | |
| | മാസ്ഡ്രിൽ | | | |
| | ഗയിംസ് പരിശീലനം | | | |
| | കായിക മത്സരം സ്കൂൾ തലം | ഒക്ടോബർ | | |

VATAYAM SOUTH LP SCHOOL

## മേഖല : അക്കാദമികം ഉപമേഖല : പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കര കൌശല വസ്തുക്കളുടെ പരിശീലനം ഉറപ്പാക്കും | **ചിലമ്പ്** ഒരിഗാമി നിർമ്മാണം | ജൂലൈ | സ്റ്റാഫ് | 5000 |
| | പാഴ്‌വസ്തുക്കളുടെ ഉപയോഗം | " | | |
| | മണ്മറഞ്ഞു പോയ ഉപകരണങ്ങളെ പരിചയപ്പെടുത്തൽ | " | ക്ലാസ്സ് ടീച്ചർ | 2000 |
| | നിർമ്മാണ പരിശീലനം | " | | |

VATAYAM SOUTH LP SCHOOL

# അക്കാദമിക് പ്ലാൻ– അറബിക്

## LPS VATAYAM SOUTH

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | **അറബിക് മധുരം:**<br><br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | **എഴുത്ത്, വായന:**<br><br>* ടെസ്റ്റ് നടത്തി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br><br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക<br><br>* ഓരോ കുട്ടികള്ക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗെയിമുകൾ നല്കുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗെയിമിലൂടേ ആസ്വധിച്ച് അക്ഷരങ്ങൾ പഠിക്കുന്നു<br>* പ്രത്യേകം തെയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് ‘‘അറബിക് മധുരം’’ ക്ലാസ് നല്കുക | 2 മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ<br><br>ടാബ് | ബി.ആർ.സി<br><br>ഡയറ്റ്<br><br>പൂർവ്വ വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| 2 | **വായനാ ലോകം**<br><br>ലക്ഷ്യം:<br><br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br><br>* നല്ല വായനക്കാരനാക്കുക | **1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)**<br><br>പുസ്തകങ്ങൾ:<br><br>* ചിത്ര കഥ (അറബിക്)<br>* കഥ പുസ്തകം (അറബിക്)<br>* കുട്ടിക്കവിതകൾ (അറബിക്)<br>* ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>* അറബിക് ക്വിസ്<br><br>**2. ക്ലാസ്സ് വായന:**<br><br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക<br><br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br><br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക | 6 മാസം | സ്കൂൾ ലൈബ്രറി<br><br>ക്ലാസ്സ് ലൈബ്രറി<br><br>പുസ്തകങ്ങൾ | **സമാഹരണം:**<br><br>● അറബിക് അദ്ധ്യാപകർ<br>● റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അദ്ധ്യാപകർ<br>● ഭാഷാ സ്നേഹികൾ<br>● നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>● ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>● സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ<br>● സർക്കാർ ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| 3 | **ആസ്വാദന ലോകം** | **1. ആസ്വാദന സഭ:**<br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിട്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ ചേരുക<br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം<br><br>**2. കാഴ്ചയും കേൾവിയും:**<br>നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രോജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br><br>**ഉദാഹരണം**: ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെന്ററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ലാബ്<br><br>എൽ.സി.ഡി<br><br>കമ്പ്യൂട്ടർ | |

| | | | | | |
|---|---|---|---|---|---|
| 4 | **അനുഭവ ലോകം**<br><br>(അറബിക് ലാംഗ്വേജ് ലാബ്) | വിദേശ ഭാഷ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ്, അതിനാൽ അറബി ഭാഷാ പഠനത്തിനു ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.<br><br>* തനതായ അറബി ഭാഷാ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.<br><br>* ഓരോരുത്തർക്കും (ഓരോ കമ്പ്യൂട്ടർ)/ എൽ.സി.ഡി. പ്രോജക്റ്ററിന്റെ സഹായത്തോടെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ/ പാട്ടുകൾ/ കഥകൾ/ സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കുവാനുമുള്ള അവസരം | 1 മാസം | എൽ.സി.ഡി<br><br>കമ്പ്യൂട്ടർ<br><br>ലാംഗ്വേജ് ലാബ് | |
| 5 | **പദപരിചയം**<br><br>ലക്ഷ്യം: അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ | **ഒരു പദം പരിചയപ്പെടൽ:**<br><br>അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ | 1 വർഷം | മൈക്ക് | |

| | | | | | |
|---|---|---|---|---|---|
| | | പ്രാർത്ഥനക്കു ശേഷം മുതിർന്ന ക്ലാസ്സിലെ ഓരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.<br><br>ക്ലാസ്സ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.<br><br>പ്രസ്തുത പദം അറബിക് നോട്ടിസ് ബോർഡിൽ പതിക്കുക..<br><br>എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു.<br><br>മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കുന്നു | | | |
| 6 | **അറബിക് അസംബ്ലി** | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക<br><br>ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക<br><br>പുസ്തകം പരിചയപ്പെടുത്തൽ<br><br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | | | |
| 7 | **അറബിക് ഫെസ്റ്റ്** | അറബിക് ദിനത്തിലോ അല്ലതെയോ ഒരു ഫുൾ ഡേ/ ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക<br><br>**കാര്യപരിപാടികൾ:**<br>• ഉത്ഘാടനം<br>• ആദരിക്കൽ (ഇത് വരെ സ്കൂളില നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)<br>• മികച്ച അറബിക് കലാ അവതരണം<br>• തൊട്ടടുത്ത അറബിക് കവി/സാഹിത്യകാരൻ/ പണ്ഡിതൻ പങ്കെടുപ്പിക്കൽ ആദരിക്കൽ | | സ്കൂൾ ഹാൾ<br><br>പുസ്തകങ്ങൾ<br><br>സമ്മാനങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | • തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി/ ആനിമേഷൻ പ്രദർഷനം<br>• അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം, ഉപരി പത്തനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി) | | | |
| 8 | **സ്കൂൾ വാർഷികം** | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ ചിത്രീകരണം/ മോണോ ആക്റ്റ്/ വാർത്ത വായന തുടങ്ങിയ ഇനങ്ങൾ പ്രാക്റ്റീസ് നൽകി അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |
| 9 | **നല്ല എഴുത്ത്**<br><br>ലക്ഷ്യം: കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | * അറബി ഭാഷയിടെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖി, രിഖഇ) എഴുത്തുകളാണ്.<br><br>* ഓരോ കുട്ടികള്ക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നല്കി പരിശീലനം നല്കൽ | 1 വർഷം | പുസ്തകങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| | | * വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക<br><br>* ചുമർ പത്രിക | | | |
| 10 | **ഡിജിറ്റൽ ലോകം**<br><br>ലക്ഷ്യം:<br>• എല്ലാ കുട്ടികള്ക്കു പ്രൈമറി പഠനം കഴിയും മുമ്പ് അറബിക് കീ ബോർഡ് പഠിക്കൽ<br>• പവർ പോയന്റ് പരിജയപ്പെടൽ | ഈ കാല്ഘട്ടത്തിൽ കമ്പ്യൂട്ടർ പരിഞ്ജാനം അനിവാര്യമായതിനാൽ പ്രൈമറി ക്ലാസ്സിൽ നിന്നു തന്നെ കുട്ടികൾ കീ ബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവു നേടുകയും ചെയ്യണം.<br><br>* ആഴ്ചയിൽ ഒരു സമയത്ത് കുട്ടികൾക്ക് ടൈപ്പിംഗ് പഠിക്കാൻ അവസരമൊരുക്കുക<br><br>* ഫോട്ടോകളും ടൈപ്പ് ചെയ്ത വാക്കുകളും ചേർത്ത് ചെറിയ പി.പി.ടി കൾ ഉണ്ടാക്കാൻ പരിചയപ്പെടുക | 1 വർഷം | | |
| 11 | **എഴുത്തിന്റെ ലോകം:** | • ക്ലാസ്സ് മാസിക നിർമ്മാണം<br>• ചുമർ പത്രിക നിർമ്മാണം<br>• വായനാ കാർഡ് നിർമ്മാണം | | ചാർട്ട്<br><br>കളർ | |

| | | | | | |
|---|---|---|---|---|---|
| | | (മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി (A4)സൈസിൽ വൃത്തിയായി എഴുതി കളർ നല്കി ലാമിനേഷൻ ചെയ്ത വായനാ കാർഡ് നിർമ്മിക്കുക | | | |
| 12 | **മത്സരങ്ങളുടെ ലോകം:** | മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിക്കുന്നതിനു (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക, ഉദാഹരണം:<br>1. ക്വിസ്<br>2. പദ നിർമ്മാണം<br>3. കഥ പറയൽ<br>4. കവിത ചൊല്ലൽ<br>5. പദപ്രശ്നം<br>6. കളറിങ്ങ്<br>7. മെമ്മറി ടെസ്റ്റ്<br>8. ഗദ്യ വായന<br>9. ആംഗ്യ ഗാനം<br>10. ഖുർആൻ പാരായനം<br>11. പദപ്പയറ്റ്<br>12. പസിൽസ് | | | |
| 13 | **ദിനാചരണങ്ങൾ:** | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അദ്ധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു | 1 വർഷം | | |

# ഒന്നാം ക്ലാസ് ഒന്നാം തരം

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികൾക്കും എല്ലാ പഠനനേട്ടങ്ങളും ഉറപ്പാക്കും
- ഒന്നാം ക്ലാസ്സിലെ കുട്ടികളെ ഏറ്റവും ഉയർന്ന നിലവാരത്തിലെതിക്കും

## പ്രവർത്തനങ്ങൾ

1. **ഒന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും എല്ലാ പഠനനേട്ടങ്ങളും ഉറപ്പാക്കും**

- ഒന്നാം ടേം മൂല്യനിർണയ ഫലം വിശകലനം ചെയ്യുന്നു.
- നിരന്തര വിലയിരുത്തൽ ഫലങ്ങളും വിശകലനം ചെയ്യുന്നു .
- പഠന നേട്ടങ്ങൾ കൈവരിക്കാൻ തടസ്സമായി നിൽകുന്ന ഘടകങ്ങൾ കണ്ടെത്തുന്നു.
- പഠന നേട്ടങ്ങൾ കൈവരിക്കാൻ ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു .
- PTA വിളിച്ച് ചേർക്കുന്നു .
- രക്ഷിതാവിൻറെ പഠന പിന്തുണ ഉറപ്പാക്കുന്നു.
- ആഴ്ചയിൽ ടെസ്റ്റുകൾ നടത്തുന്നു.
- എല്ലാ ദിവസവും വായന കാർഡുകൾവായനയ്ക്കായി നൽകുന്നു .
- ഒരു മാസത്തിനുശേഷം പോസ്റ്റ് ടെസ്റ്റ് നടത്തുന്നു .
- സമ്മാനങ്ങൾ നൽകുന്നു .

2. **ഒന്നാം ക്ലാസ്സിലെ കുട്ടികളെ ഏറ്റവും ഉയർന്ന നിലവാരതിലെത്തിക്കും**
   - എല്ലാ ആഴ്ചയിലും malayalam ഇംഗ്ലീഷ് ശ്രവ്യവായന മത്സരങ്ങൾ സംഘടിപ്പിക്കും .
   - എല്ലാ ദിവസവും ക്ലാസ്സിൽ പത്രവായന നടത്തും . അതിനായി വായനാക്കൂട്ടം രൂപീകരിക്കും .
   - ഒരു ദിവസം ഒരു കുട്ടി ഒരു വസ്തുവിനെ കുറിച്ച് ഇംഗ്ലീഷിൽ അവതരണം .
   - എല്ലാ ആഴ്ചയിലും ക്വിസ് മത്സരങ്ങൾ
   - രക്ഷിതാക്കളുടെ വാട്സപ്പ് കൂട്ടായ്മ .
   - വായന സാമഗ്രികളും വർക്ക് ഷീറ്റുകളും വാട്സപ്പിലൂടെ
   - എല്ലാമാസവും ബാലസഭ-കുട്ടികളുടെ അവതരണം-പ്രകടനം.
   - എല്ലാ കുട്ടികളും സ്വന്തമായി കുഞ്ഞെഴുത്തുക്കൾ പുസ്തകം തയ്യാറാക്കും .

VATAYAM SOUTH LP SCHOOL

## ധനകാര്യ വിശകലനം

| ഇനം | ചെലവ് | സ്രോതസ്സ് |
|---|---|---|
| വർക്ക് ഷീറ്റുകൾ | 2000 | രക്ഷിതാക്കൾ |
| വായനാ കാർഡുകൾ | 2000 | പഞ്ചായത്ത് |

VATAYAM SOUTH LP SCHOOL

# ഉപസംഹാരം

വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽകരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. കൊറോണാനന്തരം കുട്ടികളിൽ ഉണ്ടായ പഠന വിടവ് നികത്താനുള്ള പ്രവർത്തനങ്ങൾ കൊടുത്തുകൊണ്ട് അക്കാദമിക നിലവാരം ഉയർത്തുന്നതാണ്. ഈ കെട്ടതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ വിദ്യാഭ്യാസം സൃഷ്ടിക്കുന്ന യജ്ഞത്തിൻറെ ഭാഗമായി ഞങ്ങളുടെ വിദ്യാലയവും ഇതിൽ പങ്കുചേർന്നു . ഈ വികസന രേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു .

VATAYAM SOUTH LP SCHOOL